**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2671** **12-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ഞനക്കാട് കോളനിയിലെ പുനരുദ്ധാരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്യഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ മഞ്ഞനക്കാട് കോളനിക്ക് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കപ്പെട്ട അൻപത് ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പ്രസ്തുത കോളനിയുടെ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. എന്നാൽ വെള്ളത്താൽ ചുറ്റപ്പെട്ട സഞ്ചാര യോഗ്യമല്ലാത്ത വഴിയിലൂടെ സാധന സാമഗ്രികൾ എത്തിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അഡീഷണൽ കൺവെയൻസ് ചാർജ്ജ് അനുവദിച്ച് നൽകിയാൽ മാത്രമേ പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു എന്ന് നിർവ്വഹണ ഏജൻസിയായ എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചതിനെ തുടർന്ന് അഡീഷണൽ കൺവെയൻസ് ചാർജ്ജ് അനുവദിച്ചാൽ പദ്ധതി ഉടൻ പൂർത്തീകരിക്കുന്നത് സംബന്ധിച്ച് നിർവഹണ ഏജൻസിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മഞ്ഞനക്കാട് കോളനിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നിലവിലെ ഡി.എസ്.ആർ പ്രകാരമുള്ള അഡീഷണൽ കൺവെയൻസ് ചാർജ്ജ് കൊണ്ട് മാത്രം പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിയില്ല എന്നും പ്രവൃത്തികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ ഇല്ലാത്ത അവസ്ഥയിലാണെന്നും നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിരുന്നു. ആയതിനാൽ ബഹു.വൈപ്പിൻ എം.എൽ.യുടെ അദ്ധ്യക്ഷതയിൽ 10.02.22-ന് ചേർന്ന മോണിറ്ററിംഗ് കമ്മറ്റി യോഗത്തിൽ ഈസ്റ്റ് മഞ്ഞനക്കാട് കോളനിയുടെ പുനരുദ്ധാരണ പ്രവർത്തികൾ എം.എൽ.എ – എ.ഡി.എസ് സ്കീമിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കാൻ അംഗീകാരം നൽകുകയും 72.50 ലക്ഷം രൂപയുടെ ഭരണാനുമതി തുക വകയിരുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ പ്രളയാനന്തര കോളനികളുടെ പുനരുദ്ധാരണത്തിൽ |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ ആവശ്യമില്ലായെന്ന് തീരുമാനം എടുത്തിട്ടുണ്ട് . |
| (ബി) | കോളനിയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക വികസന പാക്കേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത കോളനിയുടെ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. എന്നാൽ വെള്ളത്താൽ ചുറ്റപ്പെട്ട സഞ്ചാര യോഗ്യമല്ലാത്ത വഴിയിലൂടെ സാധന സാമഗ്രികൾ എത്തിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അഡീഷണൽ കൺവെയൻസ് ചാർജ്ജ് അനുവദിച്ച് നൽകിയാൽ മാത്രമേ പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു എന്ന് നിർവ്വഹണ ഏജൻസിയായ എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചതിനെ തുടർന്ന് അഡീഷണൽ കൺവെയൻസ് ചാർജ്ജ് അനുവദിച്ചാൽ പദ്ധതി ഉടൻ പൂർത്തീകരിക്കുന്നത് സംബന്ധിച്ച് നിർവഹണ ഏജൻസിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മഞ്ഞനക്കാട് കോളനിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നിലവിലെ ഡി.എസ്.ആർ പ്രകാരമുള്ള അഡീഷണൽ കൺവെയൻസ് ചാർജ്ജ് കൊണ്ട് മാത്രം പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിയില്ല എന്നും പ്രവൃത്തികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ ഇല്ലാത്ത അവസ്ഥയിലാണെന്നും നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിരുന്നു. ആയതിനാൽ ബഹു.വൈപ്പിൻ എം.എൽ.യുടെ അദ്ധ്യക്ഷതയിൽ 10.02.22-ന് ചേർന്ന മോണിറ്ററിംഗ് കമ്മറ്റി യോഗത്തിൽ ഈസ്റ്റ് മഞ്ഞനക്കാട് കോളനിയുടെ പുനരുദ്ധാരണ പ്രവർത്തികൾ എം.എൽ.എ – എ.ഡി.എസ് സ്കീമിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കാൻ അംഗീകാരം നൽകുകയും 72.50 ലക്ഷം രൂപയുടെ ഭരണാനുമതി തുക വകയിരുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ പ്രളയാനന്തര കോളനികളുടെ പുനരുദ്ധാരണത്തിൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് തീരുമാനം എടുത്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ